Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യൂ എ/JB/E6(B)/8122/2011

തീയതി: 30.01.2021

**സർക്കുലർ**

വിഷയം:- കെഡബ്ല്യൂഎ - എസ്റ്റാ - 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ - ഭൂസ്വത്തുക്കളും മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച് 2020 ലെ പത്രിക ഓൺലൈൻ (ഇൻറ്റർനെറ്റ്) മുഖേന സമർപ്പിക്കുന്നത് - സമയം ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. നം.630/എസ്.സി1 / പൊ.ഭ.വ/(എസ്.സി) തീയതി 05.01.2021.
2.26.01.2021 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 37 പ്രകാരവും സൂചന (1) ൽ പറയുന്ന വിജ്ഞാപന പ്രകാരവും പാർട്ട്-ടൈം കണ്ടിജൻറ് ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാരും ഓരോ വർഷവും ജനുവരി 15 നകം മുൻവർഷാവസാനത്തിൽ അവരുടെ കൈവശത്തിലോ, അവർക്ക് മറ്റ് ഏതെങ്കിലും അവകാശത്താലോ ആർജ്ജിച്ചിട്ടുള്ളതുമായ സ്ഥാവര ജംഗമ വസ്തുക്കളും മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച് ഓരോ പത്രിക സമർപ്പിക്കണമെന്ന് അനുശാസിക്കുന്നുണ്ട്.

സൂചന (2) പ്രകാരം പത്രികാ സമർപ്പണത്തിനുള്ള തീയതി 2021 ജനുവരി 31 വരെ നീട്ടി നൽകിയിരുന്നു.ജീവനക്കാരുടെ ആവിശ്യം പരിഗണിച്ച് പത്രികാ സമർപ്പണത്തിനുള്ള തീയതി ഫെബ്രുവരി 10 വരെ നീട്ടി നൽകുന്നു. പത്രികാ സമർപ്പണം നടത്തേണ്ട എല്ലാ ജീവനക്കാരും ഈ കാലയളവിനുള്ളിൽ പത്രികാ സമർപ്പണം നടത്തേണ്ടതാണ്.

saji v
ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ) i/c

പകർപ്പ്:-

1.എല്ലാ ഓഫീസ് മേധാവികർക്കും - ജീവനക്കാർക്കിടയിൽ സർക്കുലേറ്റ് ചെയ്യുന്നതിന്.
2.നോഡൽ ഓഫീസർ G SPARK.
3.ഔദ്യോഗിക വെബ്സൈറ്റ്.

Draft #7 of File KWA/JB/E6(B)/8122/2011 Approved by Chief Engineer (HRD&GL) i/c on 30-Jan-2021 12:50 PM - Page 1

The document is digitally approved. Hence signature is not needed.